II ഇ.ബി. XV-കേരള നിയമസഭ/III-15

# പതിനഞ്ചാം കേരള നിയമസഭ

മൂന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2021 നവംബർ 02, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

44 (*421) <u>സ്കൂളുകളിൽ നീന്തൽ പരിശീലനം</u>

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് എട്ടാം ക്ലാസ് മുതൽ കോളേജുതലം വരെയുള്ള മികച്ച കായികതാരങ്ങളെ തെരഞ്ഞെടുത്ത് ഉന്നതപരിശീലനം നൽകുന്നതിന് വിവിധ ജില്ലകളിൽ സ്പോർട്സ് അക്കാദമികൾ പ്രവർത്തിച്ചുവരുന്നുണ്ടെന്നും ഇവയിൽ ആറ് എണ്ണത്തിൽ നീന്തൽ പരിശീലനം നൽകുന്നുണ്ടെന്നും സഭയെ അറിയിച്ചു. പിരപ്പൻകോട്, നന്ദിയോട്, തൃശ്ശൂർ, ആലപ്പുഴ, കണ്ണൂർ എന്നിവിടങ്ങളിലെ നീന്തൽക്കുളങ്ങളിൽ പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും നീന്തൽ പരിശീലനത്തിന്

ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയും അപകടങ്ങൾ ഒഴിവാക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും വിദഗ്ധ പരിശീലകർ, ലൈഫ് ഗാർഡുകൾ എന്നിവരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകാൻ സ്പ്ലാഷ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്നും നീന്തൽ പ്രാവീണ്യമുള്ള കുട്ടികൾക്ക് പ്ലസ് വൺ പ്രവേശനത്തിന് ബോണസ് പോയിന്റ് നൽകുന്നുണ്ടെന്നും പറളി സ്കൂൾ, ചിറ്റൂർ ഗവ. കോളേജ്, നീലേശ്വരം ഇ.എം.എസ് സ്റ്റേഡിയം എന്നിവിടങ്ങളിൽ സ്വിമ്മിംഗ് പൂൾ നിർമ്മാണം പൂർത്തിയായിട്ടുണ്ടെന്നും തദ്ദേശ സ്ഥാപനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നടപ്പാക്കുന്ന അടിസ്ഥാന കായിക സൗകര്യങ്ങളുടെ വികസനത്തിന്റെ ഭാഗമായി സംസ്ഥാനത്ത് 13 സ്വിമ്മിംഗ് പൂളുകൾ ഒരുക്കുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. പഞ്ചായത്തുതലത്തിൽ സ്പോർട്സ് കൗൺസിലുകൾ ഏർപ്പെടുത്താനും കായികാദ്ധ്യാപകരുടെ ക്ഷാമം നേരിടുന്ന സാഹചര്യത്തിൽ റിസോഴ്സ് പേഴ്സൺസിന്റെ സേവനം ഉപയോഗപ്പെടുത്താനും നടപടി സ്വീകരിക്കുന്നതാണ്. നീന്തൽ പരിശീലനത്തിന് വ്യക്തമായ മാർഗ്ഗനിർദ്ദേശം കൊണ്ടുവരുമെന്നും പുതുതായി നിർമ്മിക്കുന്ന സ്വിമ്മിംഗ് പൂളുകളിൽ വിദഗ്ധ പരിശീലകരുണ്ടാകുമെന്നും അടുത്ത അക്കാദമിക വർഷം

മുതൽ സ്കൂൾ പാഠ്യപദ്ധതിയിൽ സ്പോർട്സ് ഒരു വിഷയമായി ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുമെന്നും കായിക വകുപ്പിനുകീഴിലുള്ള ഔട്ട്ഡോർ സ്റ്റേഡിയങ്ങളിൽ കായികേതര പരിപാടികൾ നടത്തുന്നതുസംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടെന്നും സ്റ്റേഡിയങ്ങളുടെ പരിപാലനത്തിനായി സ്പോർട്സ് ഫൗണ്ടേഷൻ രൂപീകരിച്ചിട്ടുണ്ടെന്നും സ്പോർട്സ് ഹോസ്റ്റലുകളിൽ കഴിവുള്ള കുട്ടികളെ മാത്രമാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്നും കായിക സർട്ടിഫിക്കറ്റുകൾക്ക് ഓൺലൈൻ സംവിധാനമേർപ്പെടുത്തുമെന്നും ആലപ്പുഴ ജില്ലയിലെ രാജാ കേശവ് ദേവ് അന്താരാഷ്ട്ര നീന്തൽക്കുളത്തിന്റെ നിലവിലെ അവസ്ഥ പരിഹരിക്കാൻ നടപടി സ്വീകരിക്കുമെന്നും കാഞ്ഞിരപ്പള്ളി കുന്നുംഭാഗം ഗവൺമെന്റ് സ്കൂളിന്റെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട പദ്ധതി യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിച്ചുവരികയാണെന്നും ടൂറിസം കേന്ദ്രങ്ങളിൽ ഓപ്പൺ ജിമ്മുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നുവരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

45 (*422) <u>അനുയാത്ര, ശ്രുതിതരംഗം, ധ്വനി പദ്ധതികൾ</u>

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) നൽകിയ മറുപടിയിൽ, ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിനും ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിനുമായി " അനുയാത്ര" പദ്ധതി നടപ്പിലാക്കിവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. അഞ്ചു വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുടെ ശ്രവണ വൈകല്യം മാറ്റിയെടുക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച 'ശ്രുതിതരംഗം' പദ്ധതി പ്രകാരം നാളിതുവരെ 1196 കോക്ലിയർ ഇംപ്ലാന്റേഷൻ സർജറികൾ പൂർത്തിയാക്കിയിട്ടുണ്ട്. സ്വന്തം ചെലവിൽ കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ പൂർത്തിയാക്കിയ കുട്ടികൾക്ക് സ്പീച്ച് പ്രോസസർ അപ്ഗ്രേഡ് ചെയ്തു നൽകുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച 'ധ്വനി' പദ്ധതിയിലൂടെ 104 കുട്ടികൾക്ക് ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ടെന്നും ഓട്ടിസം ബാധിച്ച കുട്ടികൾക്കായി 'സ്പെക്ട്രം' പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകളുൾപ്പെടെ 62 ആശുപത്രികളിൽ

കുട്ടികളിലെ വൈകല്യങ്ങൾ കണ്ടെത്തുന്നതിന് പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ടെന്നും കുറഞ്ഞ നിരക്കിൽ ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് National Institute of Physical Medicine and Rehabilitation Prosthetic and Orthotic Centre സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് കാലതാമസമില്ലാതെ ലഭ്യമാക്കാൻ സംവിധാനങ്ങളൊരുക്കിയിട്ടുണ്ടെന്നും ഭിന്നശേഷിക്കാർക്ക് എല്ലാ വകുപ്പുകളിലും 3 ശതമാനം സംവരണമേർപ്പെടുത്താനുള്ള നടപടികളാരംഭിച്ചിട്ടുണ്ടെന്നും കാഴ്ചപരിമിതർക്ക് സ്മാർട്ട് ഫോണുകൾ നൽകുന്ന പദ്ധതി പ്രോത്സാഹിപ്പിക്കുമെന്നും തദ്ദേശ ഭരണസ്ഥാപനങ്ങളുടെ തനത് ഫണ്ട്, ഗ്രാന്റ് ഇൻ എയ്ഡ് എന്നിവ മുഖേന ഭിന്നശേഷിക്കാർക്കായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ടെന്നും ICDS-ന്റെ കീഴിൽ ഒരു സ്പെഷ്യൽ അങ്കണവാടിയും രണ്ട് സാറ്റലൈറ്റ് അങ്കണവാടിയും പ്രവർത്തിക്കുന്നുണ്ടെന്നും ഭിന്നശേഷി സൗഹൃദപദ്ധതികൾ സംബന്ധിച്ച് Awareness ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

46 (*423) എല്ലാ പഞ്ചായത്തുകളിലും കളിക്കളങ്ങൾ

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ഗ്രാമീണ കളിക്കളങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' എന്ന പദ്ധതി സർക്കാരിന്റെ സജീവ പരിഗണനയിലാണെന്നും ഈ സാമ്പത്തിക വർഷം 60 കളിസ്ഥലങ്ങൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നതെന്നും സഭയെ അറിയിച്ചു. ഓരോ കളിസ്ഥലത്തിലും സ്ഥല ലഭ്യതയ്ക്കും ഫണ്ടിനുമനുസരിച്ച് വിവിധ കായിക വിനോദങ്ങൾക്കുവേണ്ട കോർട്ടുകൾ, കുട്ടികൾക്കായുള്ള പ്രത്യേക കളിസ്ഥലം, പ്രായമായവർക്കുള്ള വിനോദോപാധികൾ, ഓപ്പൺ ജിംനേഷ്യം, ഹെൽത്ത് പവിലിയൻ, ടോയ്‌ലെറ്റ്, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തും. സ്വന്തമായി ഭൂമിയില്ലാത്ത പഞ്ചായത്തുകളിൽ സർക്കാർ സ്കൂളുകളുടെയും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ഗ്രൗണ്ടിൽ കളിക്കളം നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതി പരിഗണനയിലാണ്. എം.ഒ.യു. ഒപ്പിട്ടാൽ മാത്രമെ പഞ്ചായത്തുകളിൽ കളിസ്ഥലങ്ങൾക്കുവേണ്ട ഫണ്ട് അനുവദിക്കുകയുള്ളൂവെന്നും പഞ്ചായത്ത്-ബ്ലോക്ക്-ജില്ലാ-സംസ്ഥാന തലങ്ങളിൽ മത്സരങ്ങൾ നടത്തി

കായികതാരങ്ങളെ കണ്ടെത്താനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. എല്ലാ പഞ്ചായത്തുകളിലും ഫുട്ബോൾ പരിശീലനം നടത്താനും ഈ മേഖലയിൽ സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകാനും എം.ഒ.യു. ഒപ്പിടുകയും പരിശീലകർക്ക് സർട്ടിഫിക്കേഷൻ കോഴ്സുകൾ ഏർപ്പെടുത്തുന്നതിന് ആൾ ഇന്ത്യാ ഫുട്ബോൾ ഫെഡറേഷനുമായി കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. സ്പോർട്സ് മെഡിസിൻ, സ്പോർട്സ് സൈക്കോളജി, സ്പോർട്സ് ന്യൂട്രീഷ്യൻ തുടങ്ങിയ വിഭാഗങ്ങളുടെ വികസനത്തിന് നടപടി സ്വീകരിച്ചുവരികയാണെന്നും സർക്കാർ ആശുപത്രികളിൽ സ്പോർട്സ് മെഡിസിൻ വിഭാഗം ആരംഭിക്കുന്നതുസംബന്ധിച്ച് ചർച്ച നടത്തിവരികയാണെന്നും കണ്ണൂർ ജില്ലയിൽ സ്പോർട്സ് മെഡിസിൻ കേന്ദ്രം ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും ജില്ലാ ആസ്ഥാനങ്ങളിൽ കോംപാക്ട് സ്പോർട്സ് കേന്ദ്രം ആരംഭിക്കുന്നതിന് തുടക്കം കുറിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.